പത്രക്കുറിപ്പ്
13-10-2017

# 1600 ഗ്രാമീണ അയൽക്കൂട്ടങ്ങൾ ഇപ്പോൾ ഡിജിറ്റൽ

തിരുവനന്തപുരം: കേരളത്തിലെ ഗ്രാമ പ്രദേശങ്ങളിലെ കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ സാമ്പത്തിക ഇടപാടുകൾ പൂർണ്ണമായും ഡിജിറ്റിലാക്കുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ സംസ്ഥാനമൊട്ടാകെ മികച്ച രീതിയിൽ പുരോഗമിക്കുന്നു. ഇത്തരത്തിൽ ഇതുവരെ 1600ഓളം അയൽക്കൂട്ടങ്ങളിലെ കണക്കുകളുടെ ഡേറ്റ എൻട്രി പ്രവർത്തനങ്ങൾ പൂർണ്ണമാക്കി കഴിഞ്ഞു. വിവര സാങ്കേതിക വിദ്യ അയൽക്കൂട്ടതലത്തിലും പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ഡിജിറ്റലാക്കൽ പ്രക്രിയ നടത്തുന്നത്. ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം (എൻആർഎൽഎം) രൂപപ്പെടുത്തിയ ട്രാൻസാക്ഷൻ ബേസ്ഡ് എസ്എച്ച്ജി ഡിജിറ്റൽ അക്കൗണ്ടിങ് സിസ്റ്റമാണ് (ടിബിഎസ്ഡിഎഎസ്) ഇതിനായി കുടുംബശ്രീ ഉപയോഗിക്കുന്നത്.

ഈ സോഫ്ട് വെയർ ഉപയോഗിക്കുന്നത് വഴി അയൽക്കൂട്ടങ്ങളിലെ സാമ്പത്തിക ഇടപാടുകൾ കുറ്റമറ്റതാക്കാനും കണക്ക് സൂക്ഷിക്കലിനായി ചുമതലപ്പെട്ടവരുടെ ജോലിഭാരം ലഘൂകരിക്കാനും കഴിയും. അയൽക്കൂട്ട പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുക, സാമ്പത്തിക ക്രയവിക്രയങ്ങൾ കൃത്യമായി രേഖപ്പെടുത്തുക എന്നിവയും ഡിജിറ്റലൈസേഷന്റെ ഗുണഫലങ്ങളാണ്.

കേരളത്തിലെ 2.3 ലക്ഷം ഗ്രാമീണ അയൽക്കൂട്ടങ്ങളിൽ ശേഷിക്കുന്ന അയൽക്കൂട്ടങ്ങളിൽ കൂടി ഈ സാമ്പത്തിക വർഷത്തിനുള്ളിൽ ഡിജിറ്റിലൈസേഷൻ പ്രക്രിയയുടെ ഭാഗമായുള്ള ഡേറ്റ എൻട്രി പൂർണ്ണമാക്കാനാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്. ഇതിനായി 8.65 കോടി രൂപയാണ് എൻആർഎൽഎം ഈ സാമ്പത്തിക വർഷത്തേക്ക് അനുവദിച്ചിരിക്കുന്നത്. ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾക്കായി 14 ജില്ലകളിൽ നിന്നുള്ള റിസോഴ്സ് പേഴ്സൺമാർക്ക് (ആർപി) രണ്ട് ഘട്ടങ്ങളിലായി പരിശീലനം നൽകിയിരുന്നു. ഗ്രാമ പ്രദേശങ്ങളിലെ എല്ലാ സിഡിഎസുകളിലും ലാപ്ടോപ്പ് വാങ്ങി നൽകുകയും ഡേറ്റ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കുകയും ചെയ്തു. ഓരോ ജില്ലകളിലെയും ഗ്രാമങ്ങളിലെ 12 സിഡിഎസുകളിലാണ് പ്രാരംഭ ഘട്ടത്തിൽ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾ തുടങ്ങിയത്. പിന്നീട് സംസ്ഥാനമൊട്ടാകെയുള്ള അയൽക്കൂട്ടങ്ങളിലേക്ക് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയായിരുന്നു.

ഡിജിറ്റലൈസേഷന്റെ അടുത്തഘട്ടത്തിൽ ക്രയവിക്രയങ്ങൾ ഓൺലൈനായി നടത്താനുള്ള സൗകര്യങ്ങളാകും ഒരുക്കുക. ഇതോടെ ഈ അയൽക്കൂട്ടാംഗങ്ങൾക്ക് ബാങ്ക് വായ്പ നേടാനോ വായ്പാ തിരിച്ചടവിനോ ബാങ്കിൽ നേരിട്ടെത്തി കാത്തു നിൽക്കാതെ ഓൺലൈനായി അപേക്ഷ നൽകാനും തിരിച്ചടവ് നടത്താനും കഴിയും. പൂർണ്ണമായും ഡിജിറ്റലാക്കി കഴിഞ്ഞ അയൽക്കൂട്ടങ്ങളിലെ ഓരോ അംഗത്തിനും സ്മാർട്ട്ഫോൺ ഉപയോഗിച്ച് എവിടെയിരുന്നും സ്വന്തം അയൽക്കൂട്ടത്തിലെ സാമ്പത്തിക പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും കഴിയും.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ